"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി ലയ പി.കെ., കൃഷി ഓഫീസർ -ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.582/2024/AGRI തീയതി,തിരുവനന്തപുരം, 28-06-2024

---

പരാമർശം:- 1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 14/05/2024 ലെ ADFW/5863/2024-SD2 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ പാലക്കാട് ജില്ലയിലെ ചളവറ കൃഷി ഓഫീസറായി 01/04/2024 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി ലയ പി.കെ. -യ്ക്കു കേരള കാർഷിക സർവകലാശാലയിൽ ഡോക്ടറേറ്റ് ബിരുദം നേടുന്നതിനായി 03/04/2024 മുതൽ 29/10/2024 വരെ 210 ദിവസത്തേക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും കോഴ്സ് സർട്ടിഫിക്കറ്റും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഠനത്തിന് പ്രവേശിക്കേണ്ട ആവശ്യകത കണക്കിലെടുത്ത് കൃഷി ഡയറക്ടറുടെ സാധൂകരണ അനുമതിക്ക് വിധേയമായി ശ്രീമതി ലയ.പി .കെ.-യെ 04/04/2024 പൂർവാഹ്നത്തിൽ വിടുതൽ ചെയ്തുകൊണ്ട് പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ ചളവറ കൃഷി ഓഫീസറായ ശ്രീമതി ലയ പി.കെ. -യ്ക്കു പഠനാവശ്യത്തിനായി 04/04/2024 മുതൽ 29/10/2024 വരെ, കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. ടിയാൻ അവധി കഴിഞ്ഞ് സേവനത്തിൽ പ്രവേശിക്കുമ്പോൾ സർവ്വീസിൽ പുതിയതായി പ്രവേശിച്ചതായി കണക്കാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി ലയ പി.കെ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( AGRI-EA2/141/2024-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ